പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2527

06.12.2018 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം
ശ്രീ. പി.സി. ജോർജ്ജ്

മറുപടി
ശ്രീ.ഇ.പി.ജയരാജൻ(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ; | (എ) | കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധമേഖലകളിലേക്ക് തിരിച്ചു വിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടു വരുന്നത്.<br>കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാരസ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, യുവസംരംഭകത്വ വികസന ശിൽപശാല, യുവസാഹിത്യ ക്യാമ്പ്, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, പി.എസ്.സി പരിശീലനം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ചലച്ചിത്രശില്പശാല, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ, മറ്റ് പിന്നോക്ക മേഖലകൾ എന്നിവ കേന്ദ്രീകരിച്ചുള്ള യുവക്ലബ്ബുകളുടെ രൂപീകരണം, കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരണം എന്നിവയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.<br>കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെ പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. മദ്യം,മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവത്ക്കരണം<br>2. പട്ടികജാതി/ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം<br>3. ദേശീയ സെമിനാർ/ജില്ലാ സെമിനാറുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചു.<br>4. ജില്ലകളിൽ അദാലത്തും സിറ്റിംഗും നടത്തി വരുന്നു.<br>5. യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കി.<br>6. വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ് നൽകി ആദരിച്ചു.<br>7. ദേശീയ യുവജന ദിനാഘോഷം സംഘടിപ്പിച്ചു |
| (ബി) | ഈ വർഷം തൈക്കാട് ഗസ്റ്റ് ഹൗസിൽ വെച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി തുടങ്ങി എന്ന് വിശദമാക്കുമോ ; | (ബി) | 15.05.18 ൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ വെച്ച് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് (ഗതാഗത വകുപ്പ്, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, തൊഴിലും പുനരധിവാസവും വകുപ്പ്, ധനകാര്യ വകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്) നിർദ്ദേശം നൽകിയിട്ടുണ്ട്. യോഗത്തിന്റെ മിനിട്സ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമവകുപ്പ് എത്ര വിഷയങ്ങളിൽ ഇടപെട്ട് കേസ് എടുത്തു ; ആയതിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു ; വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജന കമ്മീഷൻ 2018 നവംബർ വരെ 972 കേസുകളിന്മേൽ നടപടി എടുത്തിട്ടുണ്ട്. ടി കേസുകളിൽ പൊതു താൽപര്യ സ്വഭാവമുള്ളവയിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ അനുബന്ധം.II ആയി ചേർക്കുന്നു.. യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലെ അവകാശ നിഷേധം, മറ്റ് വിവിധ മേഖലകളിൽ യുവജനങ്ങൾ അനുഭവിക്കുന്ന അവകാശ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ ഇതിനോടകം ലഭിച്ച വിവിധ പരാതികൾക്ക് പരിഹാരം തേടുന്നതിന് കമ്മീഷൻ ശ്രമിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**15/05/2018- ന് വൈകിട്ട് 3 മണിക്ക് ബഹു.കേരളമുഖ്യമന്ത്രി ശ്രീ. പിണറായിവിജയന്റെ അദ്ധ്യക്ഷതയിൽ തൈക്കാട് ഗസ്റ്റ്ഹൗസിൽവച്ച് കൂടിയയോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ബഹു.കായികയുവജനകാര്യവകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീൻ
2. ശ്രീ.റ്റി.ഒ. സൂരജ്, കായികയുവജനകാര്യവകുപ്പ് സെക്രട്ടറി
3. ശ്രീ.പി.ബിജു, വൈസ്ചെയർമാൻ, കേരളസംസ്ഥാന യുവജനക്ഷേമബോർഡ്
4. കുമാരിചിന്താജെറോം, ചെയർപേഴ്സൺ, കേരളസംസ്ഥാന യുവജനകമ്മീഷൻ
5. യുവജന സംഘടനാ ഭാരവാഹികൾ (ലിസ്റ്റ് അനുബന്ധം (2) ആയിചേർക്കുന്നു)
6. ഉദ്യോഗസ്ഥർ

യോഗം 3 മണിക്ക്ആരംഭിച്ചു.

യോഗത്തിൽസർക്കാരിന്റെ രണ്ട് വർഷത്തെ പ്രവർത്തനം വിലയിരുത്തുകയും ഇനി ചെയ്യേണ്ട കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുകയും ചെയ്തു. ആദ്യമായി സംസാരിച്ച ബഹു.കായിക യുവജനകാര്യവകുപ്പ് മന്ത്രി സർക്കാരിന്റെ രണ്ട് വർഷത്തെ പ്രവർത്തനങ്ങളിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കായികവികസനത്തിന് കൂടുതൽ ഊന്നൽ നൽകുവാനും കഴിഞ്ഞതായി അഭിപ്രായപ്പെട്ടു. തുടർന്ന് സംസാരിച്ച ബഹു.മുഖ്യമന്ത്രി കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ തൊഴിൽമേഖലയിൽ 70000 ഓളം ഒഴിവുകൾ നികത്താനും 13000 പുതിയ തസ്തികകൾ സൃഷ്ടിക്കാൻകഴിഞ്ഞതായും പൊതുമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 13 സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും നഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞതായും പരമ്പരാഗതവ്യവസായം കൂടുതൽശക്തിപ്പെടുത്താനും കൈത്തറിമേഖലയിൽ സ്കൂൾയൂണിഫോം ഉൾപ്പെടെ കൈത്തറി ആക്കുന്നതിന് കഴിഞ്ഞതായും പറയുകയുണ്ടായി. സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ തൊഴിലുറപ്പ് വരുത്താൻ ആവശ്യമായ അടിസ്ഥാനസൗകര്യം ഏർപ്പെടുത്താൻ നടപടിസ്വീകരിച്ചതായും ഐ.റ്റിമേഖലയിൽ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തണമെന്നും ഒപ്റ്റിക്കൽ ഫൈബർ ശൃംഖലതന്നെ ഉണ്ടാകണമെന്നും ഡിജിറ്റൽ ഡിവൈഡ് ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുവാനാണ് ശ്രമിക്കുന്നതെന്നും ബഹു.മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി. ഇന്റർനെറ്റ്ശൃംഖല മെച്ചപ്പെടുത്തുക, ഐ.റ്റി.പാർക്ക് കൂടുതൽ വികസിപ്പിക്കുക, ഫ്രീ സോഫ്റ്റ്വെയർ സംരംഭങ്ങളെ പരിപോഷിപ്പിക്കുക എന്നിവയ്ക്കാണ് സർക്കാർ കൂടുതൽ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നത്.

യുവജനങ്ങൾ സാമൂഹ്യമാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുന്നവരാണെന്നും തെറ്റായ രീതിയിലുള്ള സാമൂഹ്യമാധ്യമ ഉപയോഗം പ്രത്യേകിച്ചും ബോധപൂർവ്വമായ വ്യാജ പ്രചരണങ്ങൾ, ലഹരി ഉപയോ

ഗം, ശാസ്ത്രവിരുദ്ധകാര്യങ്ങൾ എന്നിവ സംഘടനകൾ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.. തുടർന്ന് സംഘടനാ പ്രതിനിധികൾക്ക് സംസാരിക്കാനുള്ള അവസരം നൽകി.

യുവജന സംഘടനാ നേതാക്കൾ സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മികവും പോരായ്മകളും ചൂണ്ടികാണിക്കുകയുംചെയ്തു. യൂത്ത്കോൺഗ്രസ്സിന്റെ ഭാഗത്തു നിന്നും പ്രധാന മായും നിയമന നിരോധനം, പെൻഷൻ പ്രായം, പിൻവാതിൽ നിയമനം, റാങ്ക്ലിസ്റ്റ് എന്നിവയെ സംബ ന്ധിച്ച് സംസാരിച്ചു. ഡി.വൈ.എഫ്.ഐ ആരോഗ്യം, വ്യവസായം, പി.ഡബ്ല്യൂ.ഡി എന്നിവിടങ്ങളിൽ തസ്തി കകൾ സൃഷ്ടിച്ചതിനെയും സ്റ്റാർട്ട് അപ് സംരംഭങ്ങൾ യുവജനങ്ങൾക്കായി തുടങ്ങിയത് സംബന്ധിച്ചും സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയത് സംബന്ധിച്ചും, റാങ്ക്ലിസ്റ്റ്, പെൻഷൻ പ്രായം എന്നിവയെ സംബന്ധിച്ചും അഭിപ്രായം പറഞ്ഞു. യുവമോർച്ച, കെ.എസ്.ആർ.ടി.സി-ൽ അഡ്വൈസ് അയച്ചിട്ട് നിയമനം നടത്താതിരിക്കുന്നത് ഒഴിവാക്കണമെന്നും പുതിയ സംരംഭങ്ങൾ തുട ങ്ങാൻ ഏകജാലകസംവിധാനം വേണമെന്നും, മെച്ചപ്പെട്ട തൊഴിൽസംസ്കാരം വളർത്താനുള്ള പ്രചരണം വേണമെന്നും അഭിപ്രായപ്പെട്ടു.

മറ്റുസംഘടനകൾ നഴ്സിംഗ്മേഖലയിൽ മാനേജ്മെന്റിന്റെ ഭീഷണിക്കു വഴങ്ങാതെ നഴ്സുമാർക്ക് അനുകൂലമായതീരുമാനം ഉണ്ടാകണമെന്നും വേൾഡ്എച്ച്ആർ.എക്സ്പോ സംഘടിപ്പിക്കണമെന്നും ആരോഗ്യമേഖലയിൽ കൂടുതൽ തസ്തിക സൃഷ്ടിക്കണമെന്നും പോലീസ്, എക്സൈസ് എന്നീ വകുപ്പുകൾ ലഹരിക്കെതിരെ ഉണർന്ന് പ്രവർത്തിക്കണമെന്നും യുവകർഷകരെ പ്രോത്സാഹിപ്പിക്കണമെന്നും യുവജന സംഘടന പ്രതിനിധികൾ അഭിപ്രായപ്പെട്ടു. അദ്ധ്യാപകരുടെ പെൻഷൻ പ്രായം യു.ജി.സിയിൽ പിൻതുടരുന്ന കണക്കിൽ ഉയർത്തണം, പങ്കാളിത്ത പെൻഷൻ പിൻവലിക്കണം, അസംഘടിതമേഖലയിൽ സുരക്ഷ ഉറപ്പ് വരുത്തണം, യൂത്ത്കമ്മീഷൻ, യൂത്ത്വെൽഫെയർബോർഡ് എന്നിവർ തീരുമാനിക്കുന്ന പ്രധാനകാര്യങ്ങളിൽ യുവജനസംഘടനകളോടു കൂടികൂടിയാലോചന ഉണ്ടാക ണം, യൂത്ത്കമ്മീഷന്റെ അംഗങ്ങൾക്ക് പെൻഷൻ പ്രായപരിധിയില്ലാതെ നൽകണം, കേരളം വ്യവ സായസൗഹൃദ സംസ്ഥാനമായും ടൂറിസം ഹബ്ബായും മാറണം, സ്വയംതൊഴിൽമേഖലയിൽ പ്രാധാന്യം ഉണ്ടാകണം, യുവസംരംഭകരെയും യുവകർഷകരെയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണം, തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കണം എന്നീ വിഷയങ്ങളെ സ്പർശിച്ചു സംസാരിച്ചു. യുവജന സംഘടനാപ്രതിനിധികൾ സംസാരിച്ചതിനുശേഷം ബഹു.മുഖ്യമന്ത്രി മറുപടി പറഞ്ഞു.

ഈ സർക്കാർ2016-18 കാലയളവിൽ നടത്തിയ പി.എസ്.സി നിയമനവും, തസ്തിക സൃഷ്ടിക്കലും കഴിഞ്ഞ സർക്കാരിന്റെ ആദ്യ രണ്ട് വർഷക്കാലയളവിൽ നടത്തിയതുമായി താരതമ്യം ചെയ്താൽ സർക്കാർ ബഹുദൂരം മുന്നിലാണെന്ന് ബഹു.മുഖ്യമന്ത്രി കണക്കുകൾഉദ്ധരിച്ച് സമർത്ഥിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങളും ബഹു.മുഖ്യമന്ത്രി അറിയിച്ചു.

1. സർക്കാർജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ല

2. സർക്കാർസർവ്വീസിലെ ഒഴിവുകൾ മുൻകൂറായികണക്കാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തും. ഒഴിവുകൾ വരുന്നതിനനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സോഫ്റ്റ്വെയർ സംവിധാനം ഒരുക്കും.

3. കെ.എസ്.ആർ.ടി.സിയിൽ അഡ്വൈസ്മെമ്മോ നൽകിയവർക്ക് ജോലി ലഭിക്കാത്തത് പൊതുപുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിഷയമാണ്. ഇത് പരിഹരിക്കാനാകുമെന്ന് കരുതുന്നു.

4. തൊഴിലില്ലായ്മവേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട് യുവജനസംഘടനകളുമായി ചർച്ച നടത്തും.

5. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കും. സീനിയോറിറ്റി പാലിക്കാതെ നിയമനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടിസ്വീകരിക്കും.

6. പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച പഠനം നടത്താൻസമിതിയെ നിയോഗിച്ചിട്ടുണ്ട്.

7. വേൾഡ് എച്ച്ആർഎക്സ്പോ നടത്തുന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്.

8. കെ.എ.എസ് ഉദ്യോഗസ്ഥ സംവരണത്തിൽ നിലവിലുള്ളരീതി നിലനിർത്തണമെന്നാണ് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിരിക്കുന്നത്.

9. അന്യസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, താമസസൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിൽ പ്രത്യേക ശ്രദ്ധ നൽകും.

10. നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ നിലവിലെ ഇരുപതാം സ്ഥാനത്തുനിന്നും സംസ്ഥാനത്തിന്റെ നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടിസ്വീകരിക്കും.

11. നിലവിൽ ഏറ്റവുംകൂടുതൽ തസ്തിക സൃഷ്ടിച്ച ആരോഗ്യമേഖലയിൽ ആവശ്യത്തിനനുസൃതമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

12. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സംബന്ധിച്ച് ആരോഗ്യവകുപ്പിൽ കൂടുതൽ ചർച്ച ചെയ്യുന്നതാണ്.

യോഗം4.50-ന് അവസാനിച്ചു.

Padmakumar
S.O

അനുബന്ധം (2)

**15/05/2018-ൽതിരുവനന്തപുരംതൈക്കാട്ഗവ.ഗസ്റ്റ്ഹൗസിൽവച്ച്യുവജനസംഘടനാ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തവർ**

| ക്രമ നം. | പേര് | സംഘടന |
|---|---|---|
| 1 | ശ്രീ. എം.സ്വരാജ്എം.എൽ.എ | ഡി.വൈ.എഫ്.ഐ |
| 2 | അഡ്വ.പ്രേംസൺ മനമറ്റം | കേരളയൂത്ത് ഫ്ര് (ജെ) |
| 3 | ശ്രീ.ജോമോൻകുന്നുംപുറം | കേരളയൂത്ത് ഫ്ര് (ജെ) |
| 4 | ശ്രീ. സന്തോഷ്കാല | യൂത്ത്കോൺഗ്രസ്സ്(എസ്) |
| 5 | ശ്രീ.ജലാൽഅമ്പനാകുളങ്ങര | യൂത്ത്കോൺഗ്രസ്സ്(എസ്) |
| 6 | ശ്രീ.സക്കറിയഎലേട്ടിൽ | സെക്യൂലർയൂത്ത്കോൺഫ്രണ്ട്സ് |
| 7 | അഡ്വ.ആർ. സജിലാൽ | എ.ഐ.വൈ.എഫ് |
| 8 | ശ്രീ.ആനന്ദ കുമാർഎ.എസ്. | എ.ഐ.വൈ.എഫ് |
| 9 | ശ്രീ. നന്തൻകോട്അജയ് | കേരളയൂത്ത് ഫ്രണ്ട്(ജെ) |
| 10 | ശ്രീ.നിലമേൽസുജാഹുദ്ദീൻ | കേരളയൂത്ത് ഫ്രണ്ട്(ബി) |
| 11 | അഡ്വ.ഷോൺ ജോർജ്ജ് | കേരളയുവജനപക്ഷം |
| 12 | അഡ്വ.സൈജോഹസ്സൻ | കേരളയുവജനപക്ഷം |
| 13 | ശ്രീ.പി.കെ.അനീഷ് | യുവജനതാദൾ(എസ്) |
| 14 | ശ്രീ.ആർ.എസ്രാജീവ് | ഭാരത ജനതായുവമോർച്ച) |
| 15 | അഡ്വ.രഞ്ജിത്ത് ചന്ദ്രൻ | ഭാരത ജനതായുവമോർച്ച |
| 16 | ശ്രീ.ഷെറീഫ് പാലൊളി | യുവ ജനതാദൾ(എസ്) |
| 17 | ശ്രീ.എൻ.എസ്.നുസൂർ | യൂത്ത്കോൺഗ്രസ്സ് |
| 18 | ശ്രീ.സജിമണകടമ്പിൽ | യൂത്ത് ഫ്രണ്ട് (എം.) |
| 19 | ശ്രീ.എം.മോനിച്ചൻ | യൂത്ത് ഫ്രണ്ട് (എം) |
| 20 | ശ്രീ.അഫ്സൽകുഞ്ഞുമോൻ | നാഷണലിസ്റ്റ്യൂത്ത്കോൺഗ്രസ്സ് |
| 21 | ശ്രീ. സമദ് പി.എ | നാഷണലിസ്റ്റ്യൂത്ത്കോൺഗ്രസ്സ് |
| 22 | ശ്രീ.രാജേഷ്സോമൻ | ആർ.വൈ.എഫ് ലെനിനിസ്റ്റ് |
| 23 | ശ്രീ.ശ്യാം പള്ളിശ്ശേരിക്കൽ | ആർ.വൈ.എഫ് ലെനിനിസ്റ്റ് |
| 24 | ശ്രീ.ഡീൻകുര്യാക്കോസ് | യൂത്ത്കോൺഗ്രസ്സ് |
| 25 | ശ്രീ. പി.കെ.ഫിറോസ് | മുസ്ലീംയൂത്ത്ലീഗ് |
| 26 | അഡ്വ.സുൾഫിക്കർ | മുസ്ലീംയൂത്ത്ലീഗ് |
| 27 | ശ്രീ.ദീപു.എ.ജെ | കേരളസ്റ്റേറ്റ്യൂത്ത് ഫ്രണ്ട് |
| 28 | ശ്രീ. എ.എം. രമേഷ് | കേരളസ്റ്റേറ്റ്യൂത്ത് ഫ്രണ്ട് |
| 29 | ശ്രീ. ബി.എ.കുട്ടി | എസ്.വൈ.സി |
| 30 | ശ്രീ. എച്ച്.റിയാസ് | കേരളയൂത്ത് ഫ്രണ്ട് (ബി) |

# അനുബന്ധം II

**തീരുമാനങ്ങൾ**

- റവന്യൂ അധികാരികൾ തെറ്റായ വരുമാന സർട്ടിഫിക്കറ്റ് അനുവദിച്ചതിനാൽ നിഷേധിക്കപ്പെട്ട ഫീസ് ആനുകൂല്യങ്ങളും ബാങ്ക് വായ്പയും അനുവദിക്കണമെന്ന വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിക്ക് യഥാർത്ഥ വരുമാനത്തിന് അനുസരിച്ചുള്ള ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ച് ആരോഗ്യ വകുപ്പ് ഉത്തരവാകുകയും ബാങ്ക് അധികൃതർ വായ്പ അനുവദിക്കുകയും ചെയ്യുകയുണ്ടായി.

- നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഫീസ് ഘടനയ്ക്ക് വിരുദ്ധമായി അനധികൃതമായി ഫീസ് ഈടാക്കിയ നഴ്സിംഗ് സ്കൂളിനെതിരെ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ഈടാക്കിയ ഫീസ് നഴ്സിംഗ് സ്കൂൾ അധികൃതർ പരാതിക്കാരിക്ക് തിരികെ നൽകുകയും, കമ്മീഷന്റെ നിർദ്ദേശം ഉൾപ്പെടുത്തി നഴ്സിംഗ് സ്കൂളുകളുടെ ഫീസ് ഘടന നിശ്ചയിക്കാൻ നഴ്സിംഗ് കൗൺസിൽ തീരുമാനിക്കുകയും ചെയ്തു.

- ചികിത്സാ പിഴവ് മൂലം മൂന്ന് മാസം പ്രായമായ കുട്ടി മരിക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും അർഹമായ നഷ്ടപരിഹാരം അനുവദിക്കാനും കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ മാതാപിതാക്കൾക്ക് രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

- കായംകുളം വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ വിദ്യാർത്ഥിനികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കോളേജ് സന്ദർശിച്ച് സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥി പീഢനം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

- കോട്ടയം മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കോളേജ് സന്ദർശിക്കുകയും കോളേജിന്റെ പ്രവർത്തനം , അംഗീകാരം, ഫീസ് ഘടന മുതലായ വിഷയങ്ങളിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ സാങ്കേതിക സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

- പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണവുമായി ബന്ധപ്പെട്ട് വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളേയും ഹനിക്കുന്ന തരത്തിലുള്ള പ്രിലോമകരമായ നടപടികൾ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ലായെന്നും സുഗമമായ അദ്ധ്യയനം എല്ലാ കോളേജുകളിലും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കമ്മീഷൻ നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

- ഈ കാലയളവിൽ കമ്മീഷൻ ആദിവാസി വിഭാഗക്കാരുടെ കോളനികളായ വയനാട് ജില്ലയിലെ മാന്താനം കോളനി,അക്കൊല്ലി കോളനി, ഇടുക്കി ജില്ലയിലെ ഇടമലക്കുടി എന്നിവിടങ്ങൾ സന്ദർശിക്കുകയും ഓരോ കോളനികളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ശുപാർശ സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി.

- കാസർഗോഡ് ജില്ലയിൽ ചികിത്സയ്ക്കിടെ യുവതിയായ അമ്മ മരിച്ച സംഭവത്തിൽ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് കുഞ്ഞിന്റെ പരിപാലനത്തിനായി നഷ്ടപരിഹാരമെന്ന നിലയിൽ 7,50,000/രൂപ അനുവദിക്കുകയുണ്ടായി.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിൽ സ്ഥാപനങ്ങളിലും വ്യത്യസ്തലിംഗ പദവികളിൽ ജീവിക്കുന്നവർക്ക് തുല്യ അവസരം നൽകുന്നതിന് ബന്ധപ്പെട്ട അപേക്ഷാ ഫോറങ്ങളിൽ ട്രാൻസ്ജെൻഡേഴ്സിന് മറ്റൊരു കോളം കൂടി ഉൾപ്പെടുത്തുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.

- കെ.എസ്.ആർ.ടി.സി യിൽ കണ്ടക്ടർ തസ്തികയിലെ നിയമനത്തിനായി നിയമന ശിപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് നൽകാത്തതുമായി ബന്ധപ്പെട്ട പരാതിയിൽ നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.

- വിവിധ തസ്തികകളിലായി പി.എസ്.സ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ദ്രുതഗതിയിൽ ലഭിക്കുന്നതിനും റിപ്പോർട്ട് സമർപ്പിച്ചു.

Sadasivan
S.D